പുറപ്പെടുവിച്ച ഉത്തരവിൽ ഇത്തരം ഉൽപ്പന്നങ്ങൾക്ക് 12.5 ശതമാനം ആണ് നികുതിയെന്ന് വ്യക്തമാക്കുകയും ചെയ്തു. ഇതിനെതിരെ നൽകിയ അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ക്ലാരിഫിക്കേഷൻ ഉത്തരവിനെ ശരിവയ്ക്കുകയാണ് ഉണ്ടായത്.

വ്യാപാരികൾ ഈ ഉൽപ്പന്നങ്ങൾക്ക് നാല് ശതമാനം നികുതിയേ പിരിച്ചിരുന്നുള്ളൂ എന്നത് കണക്കിലെടുത്ത് മുൻകാല ബാധ്യത ഈ മേഖലയ്ക്ക് താങ്ങാവുന്നതിനപ്പുറമാണെന്ന് മനസ്സിലാക്കിയതിനാൽ കമ്മീഷണറുടെ ക്ലാരിഫിക്കേഷൻ പുറത്തിറങ്ങുന്നതിനു മുമ്പുള്ള കാലത്തെ നികുതി വർദ്ധന ഒഴിവാക്കുന്നതാണെന്ന് 2011-12-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. 2011-12-ലെ ഇടക്കാല ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടി നികുതി നിർദ്ദേശത്തിന് കേരള ധനകാര്യ നിയമം 2011 പ്രകാരം പ്രാബല്യം നൽകുകയുണ്ടായി. ഇതനുസരിച്ച് ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളുടെ നികുതി നിരക്ക് 1-4-2005 മുതൽ 12-11-2009 വരെ 4 ശതമാനമായി ധനകാര്യ നിയമം 2011 മുഖേന നിജപ്പെടുത്തി. തുടർന്ന് ഈ സർക്കാർ കേരള ധനകാര്യ നിയമം 2012 പ്രകാരം ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് നികുതി നിരക്ക് 1-4-2012 മുതൽ 5 ശതമാനമായി കുറവ് ചെയ്തു.

(ബി) ഈ വിഭാഗമാറ്റംകൊണ്ട് 8.5 ശതമാനം നികുതിയിളവാണ് ടി ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുള്ളത്.

(സി) 1-4-2012-നുമുമ്പ് ആയുർവ്വേദ കോസ്മെറ്റിക്കുകളെ ആയുർവ്വേദ മരുന്നുകളുടെ ഗണത്തിൽപ്പെടുത്തിയാണ് ഭൂരിപക്ഷം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്ത് നികുതി ഒടുക്കിയിട്ടുള്ളത്. 1-4-2012-നുശേഷം ആയുർവ്വേദ മരുന്നുകൾക്കും സൗന്ദര്യവർദ്ധക വസ്തുക്കൾക്കും ഒരേ നികുതി നിരക്കാണ്. ആയതിനാൽ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ, നികുതി നിർണ്ണയത്തിന് വിധേയമായി കേസ്സുകളുടെ അടിസ്ഥാനത്തിൽ 13-11-2009 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ മുൻകാല പ്രാബല്യത്തോടെ നികുതി നിരക്ക് കുറച്ച നടപടിമൂലം 10 കോടി രൂപയാണ് റവന്യൂ നഷ്ടമായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്

158 (6609) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ സൗന്ദര്യവർദ്ധക വസ്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് ഉത്തരവായത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇത്തരം ഉത്പന്നങ്ങളുടെ നികുതി ഇളവിന് സർക്കാർ മുൻകാല പ്രാബല്യം തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പിയും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഇ) ഈ മുൻകാലപ്രാബല്യം കൊണ്ട് സർക്കാരിൽ അടച്ച എത്ര രൂപ ഇത്തരം കമ്പനികൾക്ക് തിരിച്ചു നൽകേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) അലോപ്പതി മരുന്നുകൾക്കൊപ്പം ആയുർവ്വേദ മരുന്നുകൾക്കും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 31-3-2012 വരെ 4 ശതമാനം ആയിരുന്നു നികുതി. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോസ്മെറ്റിക് വിഭാഗത്തിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ഈ നിയമത്തിന്റെ തുടക്കം മുതൽതന്നെ ഒരു തർക്കവിഷയമായിരുന്നു. ഇതിനെത്തുടർന്ന് ചില വ്യാപാരികൾ വകുപ്പ് 94 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയും അതിൻപ്രകാരം 12-11-2009-ൽ വാണിജ്യ നികുതി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിൽ ഇത്തരം ഉൽപ്പന്നങ്ങൾക്ക് 12.5 ശതമാനം ആണ് നികുതിയെന്ന് വ്യക്തമാക്കുകയും ചെയ്തു. ഇതിനെതിരെ നൽകിയ അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ക്ലാരിഫിക്കേഷൻ ഉത്തരവിനെ ശരിവയ്ക്കുകയാണ് ഉണ്ടായത്.

വ്യാപാരികൾ ഈ ഉൽപ്പന്നങ്ങൾക്ക് നാല് ശതമാനം നികുതിയേ പിരിച്ചിരുന്നുള്ളൂ എന്നത് കണക്കിലെടുത്ത് മുൻകാല ബാധ്യത ഈ മേഖലയ്ക്ക് താങ്ങാവുന്നതിനപ്പുറമാണെന്ന് മനസ്സിലാക്കിയതിനാൽ കമ്മീഷണറുടെ ക്ലാരിഫിക്കേഷൻ പുറത്തിറങ്ങുന്നതിനു മുമ്പുള്ള കാലത്തെ നികുതി വർദ്ധന ഒഴിവാക്കുന്നതാണെന്ന് 2011-12-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. 2011-12-ലെ ഇടക്കാല ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടി നികുതി നിർദ്ദേശത്തിന് കേരള ധനകാര്യ നിയമം 2011 പ്രകാരം പ്രാബല്യം നൽകുകയുണ്ടായി. ഇതനുസരിച്ച് ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആയുർവേദ സൗന്ദര്യവർദ്ധക വസ്തുക്കളുടെ നികുതി നിരക്ക് 1-4-2005 മുതൽ 12-11-2009 വരെ 4 ശതമാനമായി ധനകാര്യ നിയമം 2011 മുഖേന നിജപ്പെടുത്തി. തുടർന്ന് ഈ സർക്കാർ കേരള ധനകാര്യ നിയമം 2012 പ്രകാരം ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് നികുതി നിരക്ക് 01-04-2012 മുതൽ 5 ശതമാനമായി കുറവ് ചെയ്തു.

(സി&ഡി) 13-11-2009 മുതൽ 31-03-2012 വരെയുള്ള കാലയളവിൽ ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവ്വേദ കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 12.5 ശതമാനത്തിൽനിന്നും 4 ശതമാനമായി

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കുമെന്നും വ്യാപാരികൾ ഉയർന്ന നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണെന്നും ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ലെന്നും 2014-15-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം 13-11-2009 മുതൽ 31-3-2012 വരെ മേൽപ്പടി ഉൽപ്പന്നത്തിന്റെ നികുതി നിരക്ക് 4 ശതമാനമാക്കി മുൻകാല പ്രാബല്യം നൽകിക്കൊണ്ട് കേരള ധനകാര്യ ബിൽ 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ&എഫ്) ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ല എന്ന് 2014-15-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സബ്ട്രഷറികൾ

159 (6610) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സബ്ട്രഷറികൾ സ്ഥാപിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിൽ എത്ര സബ്ട്രഷറികൾ നിലവിലുണ്ട് ;

(സി) ഏതെല്ലാം ജില്ലകളിൽ അഡീഷണൽ ജില്ലാ ട്രഷറികൾ നിലവിലുണ്ട് ;

(ഡി) മലപ്പുറം ജില്ലയിൽ ഒരു ജില്ലാ ട്രഷറി മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ മലപ്പുറത്ത് അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 14 സബ്ട്രഷറികൾ സ്ഥാപിക്കപ്പെട്ടു. അവ ചുവടെ ചേർക്കുന്നു :

നമ്പർ	സബ്ട്രഷറിയുടെ പേര്	ജില്ല
(1)	(2)	(3)
1.	എരുമേലി	കോട്ടയം (കോട്ടയം ജില്ലാ ട്രഷറിയുടെ കീഴിൽ)
2.	കുറവിലങ്ങാട്	കോട്ടയം (പാലാ ജില്ലാ ട്രഷറിയുടെ കീഴിൽ)

LIBRARY ARCHIVES Kerala Legislative Assembly